അയൽസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി റബ്ബർ കടത്തി കൊണ്ടുപോകുന്നത് തടയാൻ നടപടി

14. [1793] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിലേക്ക് അനധികൃതമായി റബ്ബർ കടത്തികൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 1991 ജൂണിനുശേഷം ഇത്തരം എത്ര കേസുകൾ പിടിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റബ്ബറിന്റെ നികുതി വെട്ടിപ്പ് തടയാൻ 1991 മുതൽ വിൽപ്പന നികുതി ആഫീസറുടെ ചുമതലയിലുള്ള ഒരു പ്രത്യേക സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലകൾതോറും പ്രവർത്തിക്കുന്ന ഇൻറലിജൻറ് സ്ക്വാഡുകളും റബ്ബർ കള്ളക്കടത്ത് തടയുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. കള്ളക്കടത്ത് നടത്താൻ ഉപയോഗിക്കുന്ന വാഹനം ചരക്കുസഹിതം കണ്ടുകെട്ടാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതും റബ്ബർ കള്ളക്കടത്തിനെതിരെ ഫലപ്രദമായി പ്രയോഗിച്ചുവരുന്നു.

(സി) 39 കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ട്.

ഭവന നിർമ്മാണ വായ്പയ്ക്ക് രണ്ടര ശതമാനം അധികപലിശ അടയ്ക്കണമെന്ന വ്യവസ്ഥ

15. [1794] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർ ഭവനവായ്പ എടുത്തുകഴിഞ്ഞാൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ രണ്ടര ശതമാനം അധിക പലിശ സഹിതം വായ്പ തുക തിരിച്ച് അടയ്ക്കണമെന്ന് വ്യവസ്ഥ ഉണ്ടോ ;

(ബി) രണ്ടര ശതമാനം പലിശ ഈടാക്കുന്നത് ഇളവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുവാൻ നിർവാഹമില്ല.

ഫുൾ പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി

16. [1795] ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്രൊവിഷണൽ സർവ്വീസ് ഉൾപ്പെടെ ഫുൾ പെൻഷനുള്ള സർവ്വീസ് പൂർത്തിയാക്കിയവരും 1989 നവംബർ 20-ന് മുൻപ് റിട്ടയർ ചെയ്തവരുമായ സർക്കാർ ജീവനക്കാർക്കുകൂടി ഫുൾ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly